## II അനുശോചനം

### വാഹനാപകടം

മി. സ്പീക്കർ : ഇന്നലെ തിരുവനന്തപുരം ജില്ലയിൽ ചാക്കയ്ക്ക് സമീപം കരിക്കകത്ത് ലിറ്റിൽ ഹാർട്ട്സ് നഴ്സറി സ്കൂളിന്റെ സ്കൂൾവാൻ പാർവ്വതീ പുത്തനാറിലേക്ക് മറിഞ്ഞ് 5 കുട്ടികളും ആയയും മരണപ്പെടുകയും നാല് 9.30 A.M] കുട്ടികൾക്ക് സാരമായി പരിക്കേൽക്കുകയുമുണ്ടായി. അച്ചു എസ്. കുമാർ, ഉജ്ജ്വൽ, ആർഷാ ബൈജു, ജിനൻ അസിമുദ്ദീൻ, മാളവിക എന്നീ അഞ്ച് നഴ്സറി വിദ്യാർത്ഥികളും സ്കൂളിലെ ആയ ബിന്ദുവുമാണ് ദാരുണമായി മരണപ്പെട്ടത്. ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെയും പ്രായമുള്ളവരുടെയും വേർപാടിൽ സഭ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. ദുഃഖിതരായ കുടുംബാംഗങ്ങളുടേയും ബന്ധുക്കളുടെയും ദു:ഖത്തിൽ ഈ സഭ പങ്കുചേരുന്നു. മരണമടഞ്ഞവരോടുള്ള ആദരസൂചകമായി അല്പസമയം നമുക്ക് എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III. അടിയന്തരപ്രമേയം

### ലാ കോളേജ് വിദ്യാർത്ഥിനി ആക്രമിക്കപ്പെട്ട സംഭവം

മി. സ്പീക്കർ : തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിൽ ലാ കോളേജ് വിദ്യാർത്ഥിനിയെ അപമാനിക്കാൻ ശ്രമിച്ച സംഭവത്തിൽ യഥാസമയം കേസ് എടുക്കാനോ കുറ്റക്കാരെ അറസ്റ്റ് ചെയ്ത് മേൽനടപടികൾ സ്വീകരിക്കുവാനോ തയ്യാറാകാത്തതായി പറയപ്പെടുന്ന പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. സി. വിഷ്ണുനാഥ്, അബ്ദുറഹിമാൻ രണ്ടത്താണി, പി. സി. ജോർജ്, കെ. പി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥിനിയെ 24-1-2011-ൽ രാത്രി 8.15-ന് കോളേജിൽനിന്നും ഇരുചക്ര വാഹനത്തിൽ വീട്ടിലേക്ക് പോകവേ പി.എം.ജി. ജംഗ്ഷന് സമീപംവച്ച് ഇതേ കോളേജിലെ മൂന്നും അഞ്ചും വർഷ വിദ്യാർത്ഥികളായ മൂന്നുപേർ ചേർന്ന് പിറകെ ചെന്ന് ശല്യപ്പെടുത്തുകയും ട്രാഫിക്

LIBRARY ARCHIVES Kerala Legislative Assembly

സിഗ്നലിന് മുന്നിൽ തടഞ്ഞുനിർത്തി ഷാളിലും കയ്യിലും പിടിച്ച് വലിച്ച് വണ്ടിയിൽനിന്നും നിലത്ത് തള്ളിയിടുകയും അസഭ്യം പറയുകയും ചെയ്തുവെന്നാണ് പരാതി ലഭിച്ചിട്ടുള്ളത്. മറിഞ്ഞുവീണ വാഹനത്തിന് കേടുപാട് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിദ്യാർത്ഥിനി 25-1-2011-ന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് പരാതി കൊടുത്തിരുന്നു. ആ പരാതി അന്നേ ദിവസംതന്നെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും പരാതിയെക്കുറിച്ച് അന്വേഷണം നടത്തുകയും ചെയ്തു. ഇതിനുശേഷം ഈ പ്രശ്നത്തിൽ 16-2-2011-ലാണ് മ്യൂസിയം പോലീസ് ക്രൈം 125/2011 നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്തതായി കാണുന്നത്. ഇതിലെ ഒന്നാം പ്രതി രതീഷ് ചന്ദ്രൻ, രണ്ടാം പ്രതി സജി സ്റ്റീഫൻ എന്നിവരെ 17-2-2011-ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നാം പ്രതിയെ അറസ്റ്റു ചെയ്യാനുള്ള ഊർജ്ജിതമായ നടപടി സ്വീകരിച്ചു വരികയാണ്. മ്യൂസിയം പോലീസ് സബ് ഇൻസ്പെക്ടറാണ് അന്വേഷണം നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഇതു സംബന്ധിച്ച് ഉന്നയിച്ചിട്ടുള്ള പ്രശ്നം നമ്മൾ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്. വിദ്യാർത്ഥിനികൾക്കെതിരായും സ്ത്രീകൾക്കെതിരായും നടക്കുന്ന അക്രമങ്ങൾക്കെതിരെ പോലീസ് സ്റ്റേഷനിൽ പരാതി കിട്ടിയാൽ അത് കൈകാര്യം ചെയ്യേണ്ടരീതി ഇപ്പോൾ കൈകാര്യം ചെയ്യുന്നതുപോലെയല്ല. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. ഈ പ്രശ്നത്തെ സംബന്ധിച്ച് ഗൗരവതരമായി ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനുശേഷം ഈ പ്രശ്നം കൂടുതലായി ഞാൻ അന്വേഷിക്കുകയുണ്ടായി. പത്രത്തിൽ വാർത്ത വന്നതിന്റെ അടിസ്ഥാനത്തിലും ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു. 17-ാം തീയതിയാണ് അതിന്റെ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സ്ത്രീകളുടെ പരാതി പോലീസ് സ്റ്റേഷനിൽ കിട്ടിയപ്പോൾ അത് കൈകാര്യം ചെയ്യേണ്ട ഗൗരവത്തോടുകൂടി ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടില്ലെന്നതിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. ഇതുസംബന്ധിച്ച് ഗവൺമെന്റ് വിശദമായി അന്വേഷണം നടത്തി ആരൊക്കെയാണ് ഈ കാര്യത്തിൽ തെറ്റ് ചെയ്തത് അവർക്കെതിരെ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇത്തരം കാര്യങ്ങൾ തുടരുന്നത് എന്ന് കണ്ടെത്തി അനുവദിക്കാൻ പാടില്ല. പ്രതിപക്ഷം നോട്ടീസിൽ പ്രകടിപ്പിച്ച വികാരത്തോട് ഗവൺമെന്റിന് പൂർണ്ണമായ യോജിപ്പുണ്ട്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് സഹായകരമായ വിധത്തിൽ ഇത് കൈകാര്യം ചെയ്തവർക്കെതിരായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, അങ്ങ് പറഞ്ഞ അവസാനത്തെ കാര്യങ്ങളോട് യോജിക്കുമ്പോൾതന്നെ എന്തുകൊണ്ടാണ് ഇത്രയും നിഷ്ഠൂരമായ ഒരു പ്രവൃത്തിയിന്മേൽ പോലീസ് ഇത്ര നിഷ്ക്രിയമായ ഒരു നിലപാട് സ്വീകരിച്ചതെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ഒരു ഭാഗമേ ഇവിടെയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

16-ാം തീയതി മാതൃഭൂമിയിൽ വന്ന വാർത്ത, 'നിയമവിദ്യാർത്ഥിനിക്ക് നടുറോഡിൽ പീഡനം - കേസെടുക്കാതെ പോലീസ്.' ചവിട്ടി താഴെയിട്ടു, അടിവയറ്റിൽ ചവിട്ടി, നാട്ടുകാർ ഓടിക്കൂടി, അതിനുശേഷം ഈ പ്രതികൾ അവിടെനിന്ന് കടന്നുകളയുന്നു. പരാതി കൊടുത്തു, പക്ഷേ കേസ് എടുത്തില്ല. അങ്ങ് സമ്മതിച്ചതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷെ അതിന് മുമ്പ് ഈ പെൺകുട്ടി 22-7-2010-ൽ സംസ്ഥാന വനിതാ കമ്മീഷനിൽ ഒരു പരാതി കൊടുത്തു. പെൺകുട്ടി കൊടുത്ത പരാതി ഞാൻ വായിക്കുമ്പോൾ ചിലപ്പോൾ ഞാൻ ഉണ്ടാക്കിയതാണെന്ന് ചിത്രീകരിക്കും. അതുകൊണ്ട് വനിതാ കമ്മീഷനിലെ പോലീസ് രേഖപ്പെടുത്തിയ മൊഴിപ്പകർപ്പ് അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ വായിക്കാം. ആ കുട്ടി കൊടുത്ത പരാതിയാണ്. 'ഞാൻ' തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജിലെ റഗുലർ കോഴ്സിൽ രണ്ടാം വർഷം നാലാം സെമസ്റ്ററിന് പഠിക്കുന്നു. ഞാൻ ഒന്നാം സെമസ്റ്റർ മുതൽ ലാ കോളേജിൽ ഒരു വിദ്യാർത്ഥി സംഘടനയിൽ മെമ്പർഷിപ്പ് എടുക്കുകയും അവരുടെ പ്രോഗ്രാമുകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സെമസ്റ്റർ മുതൽ ഞാൻ ആ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ പോകുമായിരുന്നില്ല. ഇതിൽ ദേഷ്യമുണ്ടായിരുന്ന എന്റെ ക്ലാസ്സിൽതന്നെ പഠിക്കുന്ന ജുഗ്നു, ആസിഫ്, നിഖിൽ എന്നിവർ എന്നെ 21-7-2010-ന് പകൽ 12 മണിക്ക് എന്റെ ക്ലാസ്സിന്റെ മുൻവശത്തെ വരാന്തയിൽവച്ച് തടഞ്ഞുനിർത്തി 'നീ ഒരു പ്രോഗ്രാമിനും വരത്തില്ല, ബാക്കിയുള്ളവരെ ഇറങ്ങാനും സമ്മതിക്കത്തില്ലേടി' എന്നു ചോദിക്കുകയും എന്നോടിങ്ങനെ സംസാരിക്കരുത് എന്ന് അവരോട് പറഞ്ഞ സമയം നീ അത്രയ്ക്കായോടി എന്നു പറഞ്ഞ് എന്റെ ഇടതുകവിളിൽ ജുഗ്നു ആഞ്ഞടിച്ചു. തുടർന്ന് അങ്ങോട്ട് പറഞ്ഞ പരാതിയാണ്. ഈ പരാതിയിൽ ജുഗ്നു, ആസിഫ്, നിഖിൽ എന്നിവരെപ്പറ്റി പറയുന്നു. ഇതിലെ നിഖിൽ ആരാണ്? നിഖിൽ ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ മകനാണ്. ഞാൻ ഉറച്ച് വിശ്വസിക്കുന്നു, ഈ കുട്ടി വനിതാ കമ്മീഷനിൽ 22-7-2010 ആണ് പരാതി കൊടുത്തത്. ആ പരാതിയിന്മേൽ എന്തെങ്കിലും നടപടിയുണ്ടായോ? അതിനുശേഷം ഈ പെൺകുട്ടിയെ നിരവധി തവണ കോളേജിൽവച്ച് ഭീഷണിപ്പെടുത്തിയിട്ടുണ്ട്. വീട്ടിൽ ടെലിഫോൺ ചെയ്ത് അമ്മയോട് അസഭ്യം പറയുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടിയെ കോളേജിലയച്ചാൽ ഉപദ്രവിക്കുമെന്ന് പറയുന്നു. ഈ സാഹചര്യങ്ങളെല്ലാം ഉണ്ടായതിനുശേഷമാണ് ഇവിടെ പി.എം.ജി. ജംഗ്ഷനിൽവച്ച്, സ്റ്റുഡന്റ്സ് സെന്ററിന്റെ മുന്നിൽവച്ച് ഒരു പെൺകുട്ടിയെ, ഒരു വിദ്യാർത്ഥിനിയെ മൂട്ടുകോർട്ട് കഴിഞ്ഞ് വരുന്ന സമയത്ത് പരസ്യമായി സ്കൂട്ടറിൽനിന്ന് ചവിട്ടിത്താഴെയിട്ട് അടിവയറ്റിൽ ചവിട്ടിയത്. പോലീസ് ഇപ്പോൾ ഒടുവിൽ കേസ്സെടുത്തെന്ന് പറഞ്ഞിട്ടുണ്ട്. ഇന്നലെ പ്രതിപക്ഷ നേതാവ് ഈ പ്രശ്നം സഭയിൽ ഉന്നയിച്ചതിനുശേഷം മൊഴിയെടുക്കാൻ ചെന്ന പോലീസ് പെൺകുട്ടിയോട് പറഞ്ഞത്, ചവിട്ടി എന്ന് എഴുതാൻ കഴിയില്ല. കാലു പൊക്കിയ സമയത്ത് കാലുകൊണ്ടു എന്ന് എഴുതാം ഈ പെൺകുട്ടി ഇപ്പോഴും ആ കോളേജിൽ പോകാൻ ഭയക്കുകയാണ്. ഇവിടെ സ്ത്രീകളോടുള്ള സമീപനത്തെക്കുറിച്ച് ഒരുപാട് സംവാദം നടക്കുന്ന കാലമല്ലേ. ഒരു മന്ത്രിയുടെ മകൻ ഇക്കാര്യത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. മന്ത്രിയുടെ മകൻ ഉള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ വനിതാ കമ്മീഷൻ കേസെടുത്തിട്ടില്ല, പരാതിയുമായി വനിതാ പോലീസ് സ്റ്റേഷനിൽ പോയി, കേസെടുത്തിട്ടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ 25-ാം തീയതി പരാതി കൊടുത്തിട്ടുപോലും 17-ാം തീയതി വരെ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

കേസ്സെടുക്കാതിരുന്നു. ഈ വിഷയങ്ങളാണ് ചർച്ച ചെയ്യേണ്ടത്. മ്യൂസിയം എസ്.ഐ.-യെ സസ്പെന്റ് ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട് ഇത് അവസാനിക്കുന്നതല്ല. ആ കുട്ടി പേരു പറയരുത് എന്നു പറഞ്ഞതുകൊണ്ട് മാത്രമാണ് ഞാൻ പേരു പറയാത്തത്. പെൺകുട്ടിയുടെ പേര് പുറത്തുപറയരുതെന്ന് ഇപ്പോഴും ഞങ്ങളോട് പറയുന്നുണ്ട്. ആ രൂപത്തിൽ എന്നോടും പറഞ്ഞു. പ്രതിപക്ഷ നേതാവ് ഈ വിഷയം ഉന്നയിക്കുകയും ചെയ്തു. ഇത്തരത്തിൽ പെൺകുട്ടികൾക്ക് നേരെയുണ്ടാകുന്ന ക്രൂരമായ പീഡനങ്ങളിൽപ്പോലും നടപടിയെടുക്കാത്ത നിഷ്ക്രിയമായ സമീപനം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഇത് സംബന്ധിച്ച് ഞാൻ നേരത്തെ തന്നെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. 16-ാം തീയതിയാണ് കേസ് രജിസ്റ്റർ ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത് ഇന്നലെയാണ്. ഇക്കാര്യത്തിൽ പെൺകുട്ടിയുടെ പേര് ഞാനിവിടെ പറയുന്നില്ല. പെൺകുട്ടിക്ക് നാട്ടിൽ ജീവിക്കണം, അതുകൊണ്ട് അതൊന്നും ഇവിടെ പറയുന്നത് ശരിയല്ല. ഇതിനകത്ത് മന്ത്രിയുടെ മകൻ എന്നുപറയുന്ന ഒരാൾ ഇല്ല. രതീഷ് ചന്ദ്രൻ, സജി സ്റ്റീഫൻ, ശ്രീരാജ് എന്നിവരാണ് ശല്യം ചെയ്തതെന്നാണ് പെൺകുട്ടിയുടെ പരാതിയിൽ പറയുന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 341, 294(ബി), 427, 354, 34 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ഐ.പി.സി. പ്രകാരം എടുക്കേണ്ട വകുപ്പുകളൊക്കെ ചേർത്തുകൊണ്ട് ഇപ്പോൾ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ നിയമാനുസൃതമായി സ്വീകരിക്കേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥിനി അപമാനിക്കപ്പെട്ട സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിയെന്നുള്ളത് അംഗീകരിക്കുന്നു. മറ്റ് വിദ്യാർത്ഥിനികൾക്കോ പെൺകുട്ടികൾക്കോ നേരെ ഇത്തരത്തിലുള്ള അക്രമ സംഭവങ്ങൾ മേലിൽ ആവർത്തിക്കാൻ അനുവദിക്കുന്നതല്ലെന്നുള്ള സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്. ഇത് രാഷ്ട്രീയമായ കാര്യത്തിനുവേണ്ടി എടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. വനിതാ കമ്മീഷന് കൊടുത്ത പരാതിയിന്മേൽ വനിതാ കമ്മീഷൻ നടപടി സ്വീകരിക്കും. വനിതാ കമ്മീഷന് പരാതി കൊടുത്താൽ വനിതാ കമ്മീഷനാണ് നടപടി സ്വീകരിക്കേണ്ടത്, പോലീസിന് പരാതി കൊടുത്താൽ പോലീസാണ് അതിന്മേൽ നടപടി സ്വീകരിക്കേണ്ടത്. പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ച അംഗീകരിച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. ഇത്തരം സംഭവങ്ങൾ ഒരു ഗവൺമെന്റിനും ഭൂഷണമല്ല എന്നതിലുപരി നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെ ഉണ്ടാകാനും പാടില്ല. അതുകൊണ്ട് ചെറിയ പ്രശ്നങ്ങളായാൽപോലും സ്ത്രീകൾക്കെതിരായി വരുന്ന പരാതിയും കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങളുടെ പരാതിയും പോലീസ് അന്വേഷിക്കേണ്ട രീതിയുണ്ട്. ആ രീതിയിൽ കേസ് അന്വേഷിച്ചിട്ടില്ല, കമ്മീഷണർക്ക് അത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം കൊടുത്തിട്ടും വ്യക്തമായി അന്വേഷിച്ചിട്ടില്ല എന്നുള്ളതാണ് എനിക്കിപ്പോൾ മനസ്സിലായിട്ടുള്ളത്. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ട സ്ഥിതിവിശേഷം നിലനിൽക്കുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : അങ്ങ് തീരുമാനം എടുക്കുന്നതിനു മുൻപ് ഒരു ചോദ്യം എനിക്ക് ചോദിക്കാനുണ്ട്. എല്ലാ ഗൗരവത്തോടുകൂടിയും കേസ് എടുത്തുവെന്ന് പറഞ്ഞു. ഒരു വിദ്യാർത്ഥിനിയെ തിരുവനന്തപുരത്ത് നടുറോഡിലിട്ട് ഇങ്ങനെ അപമാനിച്ച ഒരു സംഭവത്തിൽ എങ്ങനെയാണ് ഈ പ്രതികളെ വി.ഐ.പി.-കളായി സ്വീകരിച്ച് അവിടെയിരുത്തി അന്നേരംതന്നെ ജാമ്യത്തിൽ വിട്ടത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നിർഭാഗ്യവശാൽ ഈ വകുപ്പുകളൊക്കെ തന്നെ ഐ.പി.സി. പ്രകാരം ജാമ്യം കൊടുക്കാവുന്ന വകുപ്പുകളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുകൂടി മനസ്സിലാക്കേണ്ട കാര്യമാണ്. ഞാൻ സദുദ്ദേശത്തോടുകൂടിയാണ് ഈ പ്രശ്നത്തെ കാണുന്നത്. സ്ത്രീകൾക്കെതിരായി നടക്കുന്ന ബലാൽസംഗം ഒഴികെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്ന എല്ലാ വകുപ്പുകളും ജാമ്യം കിട്ടുന്ന വകുപ്പുകളാണ്. പക്ഷേ പോലീസ് ബില്ലിൻമേൽ അംഗങ്ങളുടെയൊക്ക ചർച്ചയ്ക്കുശേഷം 119-ാം വകുപ്പ് ചേർത്തിട്ടുണ്ട്. ഇതുവരെ ഈ കേസ്സുകളിലൊക്കെ രണ്ടുവർഷവും ഒരു വർഷവുമാണ് ശിക്ഷ നല്കിയിരുന്നത്. എന്നാൽ നമ്മൾ ഇപ്പോൾ നിയമമാക്കിയ ആക്ടിലെ വകുപ്പിൽ മൂന്ന് വർഷമാണ് വച്ചിട്ടുള്ളത്. ആ ആക്ടിന് ഗവർണ്ണറുടെ അംഗീകാരം കിട്ടിയിട്ടുള്ളത് 31/1-നാണ്. ഈ പരാതി ലഭിച്ചതിനുശേഷമാണ് ഗവർണ്ണറുടെ അംഗീകാരം കിട്ടിയ നിയമം ഇവിടെ പ്രാബല്യത്തിൽ വന്നിരിക്കുന്നത്. ഐ.പി.സി.-യിൽ ഇങ്ങനെയൊരു ന്യൂനതയുണ്ട്. അത് മാറ്റണമെന്നുതന്നെയാണ് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്ക് പരിരക്ഷ വേണം എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ഈ പ്രശ്നത്തെ കാണുന്നത്. ആ കുട്ടി കൊടുത്തിട്ടുള്ള മൊഴിയും കാര്യങ്ങളുമൊക്കെ ഞാനിവിടെ പറയാനും ആ പെൺകുട്ടിയെ വിവാദത്തിൽപ്പെടുത്താനും ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് എനിക്ക് കൂടുതൽ കാര്യങ്ങൾ പറയാനില്ല. പോലീസിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതീവഗൗരവത്തോടുകൂടികണ്ട് ഗവൺമെന്റ് ഈ പ്രശ്നത്തെ കൈകാര്യം ചെയ്യും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

[അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.]

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : സർ, ഏറ്റവും നിർഭാഗ്യകരമായ ഈ സംഭവം ഇന്നലെയാണ് സഭയിൽ ഉന്നയിച്ചത്. ആഭ്യന്തര വകുപ്പുമന്ത്രിയും ഇന്നലത്തെ ചർച്ചയിൽ പങ്കെടുത്തതാണ്. 15 കൊല്ലം മുൻപ് നടന്ന ഒരു സംഭവത്തെ കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വാചാലമായി സംസാരിക്കുകയുണ്ടായി. ആഭ്യന്തര വകുപ്പുമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ ഞാൻ ഉന്നയിച്ച കാര്യത്തെ കുറിച്ച് ഇവിടെ പറഞ്ഞില്ല. ഞങ്ങളെ വളരെയധികം വേദനിപ്പിച്ച സംഭവമാണ്.

LIBRARY ARCHIVES Kerala Legislative Assembly

16-ാം തീയതി കേസ് എടുത്തുവെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെയാണ് പറഞ്ഞത്. ഞാൻ പറയുന്നതിനുമുമ്പുതന്നെ കേസ്സെടുത്തുവെന്നാണ് പറഞ്ഞത്. ഞാൻ അത് നിഷേധിക്കുന്നില്ല. ഇന്നലെ ഞാനിവിടെ പറഞ്ഞതിനുശേഷമാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ആ കുട്ടിയുടെ മൊഴിയെടുത്തതെന്ന് ഞാൻ ആധികാരികമായി ഈ സഭയിൽ പറയുന്നു. ഇന്നലെ ഞാനിവിടെ പറഞ്ഞതിനുശേഷമാണ് ആ കുട്ടിയുടെ വീട്ടിൽ ചെന്ന് മൊഴിയെടുക്കുന്നത്. ജാമ്യം കിട്ടുന്ന വകുപ്പുകളേയുള്ളൂവെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. അപ്പോൾ സ്ത്രീകളെ അപമാനിച്ചാൽ, അവഹേളിച്ചാൽ, പീഡിപ്പിച്ചാൽ ഇതാണോ പോലീസ് നടപടി ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ലൈംഗിക പീഡനമെന്ന് പരാതിയിലില്ല. ആ കുട്ടി പറഞ്ഞ പരാതിയുടെ അടിസ്ഥാനത്തിൽ എല്ലാ വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. ഉമ്മൻചാണ്ടി : ആ കുട്ടി പറഞ്ഞത് ശരിയാണ്. പക്ഷേ കൈയ്ക്ക് പിടിച്ചു, ചവിട്ടി, വീണു. എന്നൊക്കെ അങ്ങ് തന്നെ പറഞ്ഞിട്ടുണ്ട് സാക്ഷികളേയുംകൊണ്ട് ചെല്ലണമെന്നാണ് ഇന്നലെ ചെന്ന് മൊഴിയെടുത്ത പോലീസ് പറഞ്ഞത്. ഇത് നമ്മുടെ നാടിനാകെ അപമാനമാണ് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. 15 വർഷങ്ങൾക്ക് മുൻപുള്ള കാര്യങ്ങൾ കുത്തിപ്പൊക്കാൻ ശ്രമിക്കുന്നവർ മൂക്കിനുതാഴെ 24-ാം തീയതി നടന്ന സംഭവത്തിൽ 24 ദിവസം കഴിഞ്ഞാണ് കേസ് രജിസ്റ്റർ ചെയ്തത്. ഈ പെൺകുട്ടി കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ അതിനെ പോലീസ് സ്റ്റേഷനിൽ ചെല്ലാൻ പറഞ്ഞു. പ്രതികളെയും അവിടെ വിളിച്ചുവരുത്തിയശേഷം കോംപൻസേഷൻ വാങ്ങിച്ചു കൊടുക്കാമെന്നുപറഞ്ഞ് ഇത് കോംപ്രമൈസ് ആക്കാനാണ്. അക്കാര്യം ഇത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇതിൽ കൂടുതൽ ഒരു നാണക്കേടുണ്ടോ ? തെറ്റ് സംഭവിച്ചുവെന്നും അതിന്റെ പേരിൽ നടപടിയെടുക്കുമെന്നും അങ്ങ് പറഞ്ഞു. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഒരു എസ്.ഐ.-ക്ക് ഇതുപോലൊരു കേസ് ഇങ്ങനെ കൈകാര്യം ചെയ്യാൻ ആര് ധൈര്യം കൊടുത്തു ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പോലീസ് സ്റ്റേഷനിൽ വിളിപ്പിച്ച സമയം പെൺകുട്ടി കൊടുത്ത മൊഴി വേണമെങ്കിൽ ഞാൻ വായിക്കാം. അവർ എന്റെ കോളേജിൽ പഠിക്കുന്നവരായതുകൊണ്ടും അവരിൽനിന്നും മേലാൽ ഉപദ്രവമൊന്നും ഉണ്ടാകില്ലെന്ന് അവർ ഉറപ്പ് നൽകിയതുകൊണ്ടുമാണ് ഇതിലേക്ക് കേസ് വേണ്ട എന്ന് പറഞ്ഞത് എന്ന് കുട്ടി മൊഴി കൊടുത്തിട്ടുണ്ട്.

ശ്രീ. ഉമ്മൻചാണ്ടി: അങ്ങനെ അവർ പറഞ്ഞിട്ടില്ല. നഷ്ടപരിഹാരം കൊടുക്കാമെന്ന് പറഞ്ഞുകഴിഞ്ഞ സമയത്ത് നഷ്ടപരിഹാരത്തിനല്ല വന്നത് എന്ന് പറഞ്ഞ് അവർ പ്രതിഷേധിച്ച് ഇറങ്ങിപോവുകയാണ് ചെയ്തത്. അങ്ങ് അന്വേഷിക്കുകയോ വേണമെങ്കിൽ ആ കുട്ടിയെ വിളിച്ച് ചോദിക്കുകയോ ചെയ്തോളൂ. ഏതായാലും തിരുവനന്തപുരത്ത് അങ്ങയുടെ മൂക്കിനുതാഴെ ഈ

LIBRARY ARCHIVES Kerala Legislative Assembly

സംഭവം നടന്ന് 24 ദിവസം കഴിഞ്ഞ് കേസ്സെടുക്കുകയും മൊഴിയെടുക്കുകയും അതിനിടയ്ക്ക് പ്രതികളെക്കൂടി ഒന്നിച്ച് വിളിച്ചിരുത്തി കോംപ്രമൈസിനും നഷ്ടപരിഹാരത്തിനും വേണ്ടി ശ്രമിക്കുകയും ചെയ്യുക എന്നൊക്കെ പറഞ്ഞാൽ നിയമം നിയമത്തിന്റെവഴിക്ക് പോകണം അല്ലാതെ നിയമം രാഷ്ട്രീയത്തിന്റെ വഴിക്ക് പോകുന്നത് ശരിയല്ല. ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

[പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി]

ശ്രീ. പി. സി ജോർജ് : സർ, ഇന്ന് ചോദ്യോത്തരവേള മുതൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി സ്ത്രീസൗഹൃദ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട മറുപടികളാണ് നൽകിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തോടൊപ്പമുള്ള മന്ത്രിസഭയിലെ ചില അംഗങ്ങളുടെ മക്കൾ റോഡിൽകൂടി നടന്ന് പെൺകുട്ടികളെവഴിയെ വിടാതിരിക്കുകയും അവരെ ആക്രമിക്കുകയും ഒരുമാസമായി കേസ്സെടുക്കാതിരിക്കുകയും ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ആഭ്യന്തര വകുപ്പുമന്ത്രി മനസ്സിലാക്കണം. പോലീസ് സ്റ്റേഷനിൽ ആ പെൺകുട്ടി പോയി വ്യക്തമായ മൊഴി കൊടുത്തിട്ട് കേസ്സെടുക്കാൻ തയ്യാറായില്ല. കമ്മീഷണറുടെ അടുത്ത് പോയിട്ട് കമ്മീഷണർ വ്യക്തമായ നടപടി സ്വീകരിച്ചില്ല. പക്ഷേ പ്രതിപക്ഷ നേതാവ് പറഞ്ഞു കഴിഞ്ഞപ്പോൾ കേസ്സെടുക്കാൻ തയ്യാറായിരിക്കുന്നു. അങ്ങ് മനസ്സിലാക്കേണ്ടകാര്യം, ആ പെൺകുട്ടിയെ വിളിച്ച് ആ പെൺകുട്ടിക്ക് ഇരുചക്രവാഹനം വേറെ വാങ്ങിച്ചു കൊടുക്കാമെന്ന് മദ്ധ്യസ്ഥ ശ്രമം നടത്താൻ പോലീസിന് എന്താണ് അവകാശം? വഴിയേപോയ പെൺകുട്ടിയെ ചവിട്ടുകയും ദുപ്പട്ടക്ക് പിടിക്കുകയും കയ്യിൽപിടിച്ച് വലിക്കുകയും ചെവിക്കുറ്റിക്ക് അടിക്കുകയും ചെയ്യുന്നതാണോ മര്യാദ? ശ്രീമതി ടീച്ചർ അവിടെയിരിപ്പുണ്ടല്ലോ, നമ്മൾ സ്ത്രീ സമൂഹത്തിനുവേണ്ടി എത്ര ആവേശം കൊണ്ടിട്ടുണ്ട്. അപ്പോൾ നിങ്ങൾ ചെയ്തത് ശരിയാണോ? വളരെ വ്യക്തമായി കേസ്സെടുത്ത് ആ കശ്മലന്മാരെ അകത്താക്കുന്നതിനുപകരം നടപടി സ്വീകരിക്കാതിരിക്കുകയാണ് ചെയ്തത്. ഈ പെൺകുട്ടി പ്രിൻസിപ്പളിന് പരാതി കൊടുത്തപ്പോൾ കോളേജിന് പുറത്തുണ്ടായ സംഭവമാണ് അവിടെ പോയി തീർത്തോളാനാണ് പ്രിൻസിപ്പാൾ പറഞ്ഞത്. അപ്പോൾ എത്രമാത്രം സ്വാധീനമാണ് ഈ പെൺകുട്ടിയെ ആക്രമിക്കുന്ന കാര്യത്തിലുള്ളതെന്ന് പരിശോധിക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ആ പെൺകുട്ടിയെ വിളിച്ച് നേരിട്ട് സംസാരിച്ചിട്ട് ഇതിന്റെ വസ്തുത മനസ്സിലാക്കി നിയമപരമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആ പെൺകുട്ടിയോട് നീതിപൂർവ്വമായ നടപടി സ്വീകരിക്കാത്ത ഈ ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

[ശ്രീ. പി. സി. ജോർജും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, തിരുവനന്തപുരത്ത് ഒരു കോളേജ് വിദ്യാർത്ഥിനിക്ക് നടുറോഡിലുണ്ടായ ആക്രമണത്തിന് കേസ്സെടുക്കാൻ പോലും പോലീസ് തയ്യാറായില്ല എന്നുള്ളത് വളരെ ദുഃഖകരമായ അവസ്ഥയാണ്. ഇന്നലെ പ്രതിപക്ഷനേതാവ് സഭയിൽ ഈ പ്രശ്നം ഉന്നയിച്ചതിനുശേഷംമാത്രമാണ് കേസ്സെടുക്കാൻ തയ്യാറായത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതു പോലെ പെൺകുട്ടിയെ സ്റ്റേഷനിൽ വിളിച്ചുവരുത്തി കേസ് കോംപ്രമൈസ് ചെയ്യാനുള്ള ശ്രമങ്ങളാണ് പോലീസ് നടത്തിയിട്ടുള്ളത്. ഇത് അത്യന്തം ഗുരുതരമായ ഒരു പ്രശ്നമായി നമ്മൾ കാണണം. ഇന്നു രാവിലെ ചോദ്യോത്തര വേളയിൽ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളെക്കുറിച്ച് പറഞ്ഞു. പരാതി കൊടുത്താൽ ആ പരാതി കാര്യക്ഷമമായി പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കുമെന്ന് പറഞ്ഞു, അതേ പോലീസ് സ്റ്റേഷനിൽ മൂന്നു ആഴ്ചയ്ക്കുമുമ്പ് കൊടുത്ത പരാതിയിന്മേൽ കേസ്സെടുക്കാതിരിക്കുകയും വനിതാ കമ്മീഷനിൽ കൊടുത്തകാര്യം അന്വേഷിക്കാതിരിക്കുകയും ചെയ്തതിൽനിന്നും ആരെയൊക്കെയോ രക്ഷിക്കാനുള്ള ശ്രമങ്ങൾ ഇതിന്റെ പിന്നിൽ നടക്കുന്നുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ ഇവിടെ പറഞ്ഞതുപോലെ, ഈ കുട്ടി വനിതാ കമ്മീഷനിൽ കൊടുത്ത പരാതിയിൽ പറഞ്ഞിട്ടുള്ളത്; ആ കുട്ടി നേരത്തെ പ്രവർത്തിച്ചിരുന്ന വിദ്യാർത്ഥി സംഘടനയിൽനിന്ന് മാറി, അതുകൂടി ഇതിന് കാരണമാകുന്നുണ്ടെന്നാണ്. രാഷ്ട്രീയമായ കാര്യങ്ങൾക്കുവേണ്ടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നാണ് ഇതിൽനിന്നൊക്കെ മനസ്സിലാക്കേണ്ടത്. കോളേജിന് പുറത്തുവച്ച് നടുറോഡിൽ ഒരു പെൺകുട്ടിയെ അപമാനിച്ചതിനെതിരെ നടപടി സ്വീകരിക്കാത്തത് അവരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അനാസ്ഥയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ പത്തും പതിനഞ്ചും വർഷം പഴക്കമുള്ള കേസ്സുകൾ പൊടിതട്ടിയെടുത്ത് അന്വേഷിക്കാൻ ഉത്തരവിടുന്ന ആഭ്യന്തര വകുപ്പുമന്ത്രി ഈ കേസിൽ എന്തുകൊണ്ട് ഈ രീതിയിലുള്ള സമീപനം സ്വീകരിക്കുന്നുവെന്നുള്ളത് മനസ്സിലാകുന്നില്ല. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

[ശ്രീ. പി. കെ. അബ്ദുറബ്ബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി]

[ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.]

## IV ശ്രദ്ധ ക്ഷണിക്കൽ

### 1. ദേശീയ ജലപാതാ വികസനത്തിന് അനുവദിച്ച തുക

ശ്രീ. വർക്കല കഹാർ : സർ, സംസ്ഥാനത്തെ ദേശീയ ജലപാതാ വികസനത്തിനായി പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയുടെ സിംഹ ഭാഗം സംസ്ഥാന സർക്കാരിന്റെ നിരുത്തരവാദപരമായ നടപടികളുടെ ഭാഗമായി ലാപ്സായി പോകുമോ എന്ന് സംശയിക്കേണ്ട സ്ഥിതി